നത്തിൽ കമ്പനിയിലെ വർക്ക് നോംസ് ഏപ്രിൽ 1 മുതൽ വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി യൂണിയനുകളുമായി ധാരണയിലായി.

16 (2164) പൂട്ടിക്കിടക്കുന്ന ചെറുകിട വ്യവസായങ്ങൾ

ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ. മുഹമ്മദാലി :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ചെറുകിട വ്യവസായങ്ങൾ പൂട്ടിക്കിടപ്പുണ്ട്;

(ബി) വ്യവസായം നടത്തുന്നതിന് വായ്പയെടുത്ത തുക തിരിച്ച് നൽകുവാൻ കഴിവില്ലാത്തതിന്റെ പേരിൽ പൂട്ടിക്കിടക്കുന്ന വ്യവസായങ്ങളെ രക്ഷിക്കുവാൻ ഗവൺമെന്റിന് എന്തെങ്കിലും പദ്ധതികളുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഇപ്പോൾ നിലവിലില്ല.

(സി) ബാധകമല്ല.

17 (2165) ചെറുകിട റൈസ് ആന്റ് ഫ്ളവർ മില്ലുകൾ

ശ്രീ. പി. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട റൈസ് ആന്റ് ഫ്ളവർ മില്ലുകൾ എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഫ്ളവർ മില്ലുകൾക്ക് ഇന്ന് ഏതെങ്കിലും തരത്തിലുള്ള രജിസ്ട്രേഷൻ നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഫ്ളവർ മില്ലുകൾക്ക് ഏതെങ്കിലും തരത്തിലുള്ള സൗജന്യങ്ങൾ നൽകുന്നുണ്ടോ; എങ്കിൽ എന്തൊക്കെ സൗജന്യങ്ങളാണ് നൽകിവരുന്നത് എന്നറിയിക്കുമോ;

(സി) റൈസ് ആന്റ് ഫ്ളവർ മില്ലുകൾക്ക് വൈദ്യുതി ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥയുണ്ടാക്കുമോ;

(ഡി) റൈസ് ആന്റ് ഫ്ളവർ മില്ലുകൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 31-6-96 വരെ 1050 റൈസ് ആന്റ് ഫ്ളവർ മില്ലുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയ്ക്ക് എസ്.എസ്.ഐ.രജിസ്ട്രേഷൻ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly